പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1304

08.02.2013 -ൽ മറുപടിയ്ക്ക്

## ലീഗൽ മെട്രോളജി വകുപ്പിന്റെ കാര്യക്ഷമത

ചോദ്യം

ശ്രീ. സണ്ണി ജോസഫ്
ശ്രീ. പാലോട് രവി
ശ്രീ. റ്റി.എൻ.പ്രതാപൻ
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ

ഉത്തരം

ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

(എ) ലീഗൽ മെട്രോളജി വകുപ്പിനെ കാര്യക്ഷമമാക്കുവാൻ എന്തെല്ലാം നടപടികളാണ് എടുക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(എ) ലീഗൽ മെട്രോളജി വകുപ്പിനെ കാര്യക്ഷമമാക്കുവാൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കുവാൻ വകുപ്പ് ഉദ്ദേശിക്കുന്നു.

i) നിലവിൽ വകുപ്പിൽ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ആഫീസുകൾക്ക് സർക്കാർ സ്ഥലം കണ്ടെത്തി, കെട്ടിടം പണിത് പ്രവർത്തിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നു.

ii) ലീഗൽ മെട്രോളജി ജനറൽ റൂൾസിൽ ഉൾപ്പെടുന്നും എന്നാൽ സംസ്ഥാനത്ത് പരിശോധിച്ച് സാക്ഷ്യപ്പെടുത്തേണ്ടതുമായ LPG ഡിസ്പെൻസറുകൾ, ക്ലിനിക്കൽ തെർമ്മോമീറ്ററുകൾ, ബ്ലഡ് പ്രഷർ അളക്കുന്ന Sphygmo Manometer (സ്പിഗ് മോ മാനോമീറ്റർ) വാട്ടർ മീറ്റർ എന്നിവയുടെ പരിശോധനയും മുദ്ര വയ്പ്പും ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു.

iii) ആട്ടോറിക്ഷ/ടാക്സിമീറ്റർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നതിന് ഓരോ ജില്ലയിലും പ്രത്യേകം ആഫീസുകൾ അനുവദിച്ച് പ്രവർത്തിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു.

iv) വകുപ്പിന്റെ പ്രവർത്തനങ്ങളും, സേവനങ്ങളും പൂർണ്ണമായും Operating Management System (ഓപ്പറേറ്റിംഗ് മാനേജ്മെന്റ് സിസ്റ്റം) എന്ന പുതിയ Software (സോഫ്റ്റ് വെയർ) തയ്യാറാക്കി അടുത്ത സാമ്പത്തിക വർഷത്തിൽ തുടങ്ങുന്നതിന് ഉദ്ദേശിക്കുന്നു. പൊതുജനങ്ങൾക്കും, വ്യാപാരികൾക്കും, ലൈസൻസ്

| | |
|---|---|
| | അപേക്ഷകൾ സമർപ്പിക്കുന്നതിനും, പായ്ക്കർ രജിസ്ട്രേഷൻ രജിസ്റ്റർ ചെയ്യുന്നതിനും, പരാതി നൽകുന്നതിനും, അളവ് തൂക്ക ഉപകരണങ്ങൾ പരിശോധിക്കുന്നതിനുള്ള ഫീസ് ഒടുക്കു വരുത്തുന്നതിനും, വരവ്-ചെലവ് കണക്കുകൾ Monitor (മോണിറ്റർ) ചെയ്യുന്നതിനും സർക്കാരിനു നൽകാനുള്ള ചെലവ് വിവരങ്ങൾ, കോടതി നടപടികൾ എന്നിവ യഥാസമയം നിർവ്വഹിക്കുന്നതിനും മറ്റും ഉണ്ടാകുന്ന കാലതാമസം ഇതുമൂലം ഒഴിവാക്കാൻ സാധിക്കും. |
| (ബി) ഏതെല്ലാം കാര്യങ്ങളിലാണ് വകുപ്പിൽ ഇടനിലക്കാർ പ്രവർത്തിക്കുന്നത്; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) ഇതിനായി വകുപ്പിൽ ഇടനിലക്കാരെ ഒഴിവാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ; | (സി) ബാധകമല്ല. |
| (ഡി) ഇടനിലക്കാർക്ക് പ്രോത്സാഹനം നൽകുന്ന ഉദ്യോഗസ്ഥരുടെ പേരിൽ നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദമാക്കുമോ ? | (ഡി) ബാധകമല്ല. |

സെക്ഷൻ ഓഫീസർ